# പൗരാവകാശ രേഖ

## മൃഗസംരക്ഷണ വകുപ്പ്

**കേരള സർക്കാർ**

# പൗരാവകാശ രേഖ

## മൃഗസംരക്ഷണ വകുപ്പ്

### ഞങ്ങളുടെ ദൗത്യം

1. പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുക.
2. സംസ്ഥാനത്തെ കന്നുകാലി സമ്പത്ത് പരിരക്ഷിക്കുക.
3. ജന്തുരോഗങ്ങളെ നിയന്ത്രിക്കുക.
4. മൃഗസംരക്ഷണരംഗത്തെ സാങ്കേതിക നേട്ടങ്ങൾ കർഷകരിൽ എത്തിക്കുക
5. കന്നുകാലികളിൽ ഉത്പാദനക്ഷമതയും പ്രത്യുൽപ്പാദനശേഷിയും വർധിപ്പിക്കുക.
6. ജന്തുജന്യരോഗങ്ങൾ തടയുക.

### ഞങ്ങളുടെ കടമ

1. ഞങ്ങളുടെ ദൗത്യങ്ങളുടെ ലക്ഷ്യപ്രാപ്തിക്കുള്ള നടപടികൾ സ്വീകരിക്കുവാൻ ഞങ്ങൾ പ്രതിഞ്ജാബദ്ധമാണ്.
2. പദ്ധതികളുടെ നടത്തിപ്പിൽ സുതാര്യത ഉറപ്പുവരുത്തുമെന്നു ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.
3. പദ്ധതി നടത്തിപ്പിന്റെ പ്രതിമാസപുരോഗതി ജനങ്ങൾക്ക് ആവശ്യമെങ്കിൽ ലഭ്യമാക്കുന്നതിനു ഞങ്ങൾ ബാധ്യസ്ഥരാണ്.
4. മൃഗസംരക്ഷണ മേഖലയെ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ യഥാസമയം തയ്യാറാക്കി പ്രസിദ്ധീകരിക്കും.
5. പൊതുജനങ്ങളോട് പെരുമാറുമ്പോൾ മാന്യതയും മര്യാദയും പുലർത്തും.
6. ഈ ഓഫീസിലെയോ അനുബന്ധ ഓഫീസുകളിലെയോ ജീവനക്കാരെ സംബന്ധിച്ചും ഓഫീസുകളുടെ പ്രവർത്തനത്തെ സംബന്ധിച്ചും പൊതുജനങ്ങൾ സമർപ്പിക്കുന്ന പരാതികൾക്കും നിവേദനങ്ങൾക്കും ഒരു മാസത്തിനുള്ളിൽ തീർപ്പ് കൽപ്പിക്കും. സാധ്യമാകാത്തപക്ഷം നിവേദകനെ കാര്യകാരണസഹിതം ബോധ്യപ്പെടുത്തും.
7. വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ മിന്നൽ പരിശോധനകൾ ഉൾപ്പെടെയുള്ള പരിശോധനകൾ നടത്തുകയും ആയതിൻമേൽ നടപടികൾ സ്വീകരിച്ച് ഗുണനിലവാരം ഉയർത്തുകയും ചെയ്യും.
8. ജില്ലാതല ഓഫീസുകളുടെ പ്രവർത്തനം സംയോജിപ്പിക്കും.
9. പൊതുജനങ്ങളുടെ പരാതികൾ കൈകാര്യം ചെയ്യുന്നതിനായി ഒരു പരാതി പരിഹാരസെൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കും.
10. ത്രിതല പഞ്ചായത്തുകളുമായി പദ്ധതി നിർവ്വഹണത്തിന്റെ കാര്യത്തിൽ സഹകരിച്ച് പ്രവർത്തിക്കും.

**ഞങ്ങളുടെ മേൽവിലാസം**

**ഡയറക്ടർ,**
**മൃഗസംരക്ഷണ വകുപ്പ്,**
**വികാസ് ഭവൻ,**
**തിരുവനന്തപുരം,**
**ഫോൺ:/ഫാക്സ് : 302283**

# പൗരാവകാശ രേഖ

## ജില്ലാ മൃഗസംരക്ഷണ ഓഫീസ്

**ഞങ്ങളുടെ ദൗത്യം**

1. മൃഗസംരക്ഷണ വകുപ്പ് ആവിഷ്ക്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുക
2. ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ. സമയബന്ധിതമായി നടപ്പിലാക്കുക.
3. ജില്ലയിലെ വിവിധ മൃഗസംരക്ഷണ പ്രവർത്തനങ്ങളെ ഏകോപിപ്പിയ്ക്കുക
4. ജില്ലയിലെ വിവിധ മൃഗസംരക്ഷണ സ്ഥാപനങ്ങളുടെ സാങ്കേതികവും ഭരണപരവുമായ മേൽനോട്ടം നിർവ്വഹിയ്ക്കുക.

**ഞങ്ങളുടെ കടമ**

1. മേൽ വിവരിക്കുന്ന ദൗത്യങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
2. ഈ സ്ഥാപനത്തിൻ കീഴിൽ വരുന്ന ജില്ലയിലെ ഉപസ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.
3. ജില്ലയിലെ മൃഗചികിത്സാ കേന്ദ്രങ്ങൾക്ക് ആവശ്യമായ മരുന്നുകൾ, വാക്സിനുകൾ മറ്റ് ഉപകരണങ്ങൾ എന്നിവ യഥാസമയം വിതരണം ചെയ്യുക.
4. ഈ സ്ഥാപനം നേതൃത്വം നൽകുന്ന പദ്ധതികളെ സംബന്ധിച്ച കർമ്മപദ്ധതി, ലക്ഷ്യങ്ങൾ എന്നിവ തയാറാക്കി നടപ്പിലാക്കുകയും അവയുടെ പ്രവർത്തന പുരോഗതി പ്രതിമാസം വിലയിരുത്തുകയും ചെയ്യുക.
5. ഈ സ്ഥാപനത്തിൻെറ പ്രവർത്തനങ്ങളിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുക.
6. ഈ സ്ഥാപനത്തിലെയോ ഉപസ്ഥാപനത്തിലെയോ ജീവനക്കാരെ സംബന്ധിച്ചോ സ്ഥാപനത്തിൻെറ പ്രവർത്തനത്തെ സംബന്ധിച്ചോ ലഭിക്കുന്ന പൊതുജന പരാതികളിൽ ഒരു മാസത്തിനകം നടപടി പൂർത്തിയാക്കുകയും ആയതിനു സാധ്യമാകാത്തപക്ഷം കാര്യകാരണസഹിതം പരാതിക്കാരെ അറിയിക്കുകയും ചെയ്യുക.

**ഞങ്ങളുടെ വിലാസം**
**ജില്ലാ മൃഗസംരക്ഷണ ഓഫീസർ**

# പൗരാവകാശ രേഖ

## ജില്ലാ വെറ്ററിനറി കേന്ദ്രം

**ഞങ്ങളുടെ ദൗത്യം:**

1. വെറ്ററിനറി സേവനരംഗത്ത് ജില്ലാതല റഫറൽ കേന്ദ്രമായി പ്രവർത്തിക്കുക.
2. സ്ഥാപനത്തിന്റെ അധികാരപരിധിയിലുള്ള പ്രദേശത്തെ പക്ഷിമൃഗാദികളുടെ ചികിത്സയും രോഗപ്രതിരോധ നടപടികളും നിർവഹിക്കുക.
3. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുക.

**ഞങ്ങളുടെ പ്രവർത്തന സമയം**

| | | |
|---|---|---|
| സാധാരണ ദിവസം | : | രാവിലെ 8 മണിമുതൽ രാത്രി 8 മണിവരെ രണ്ട് ഷിഫ്റ്റായി പ്രവർത്തിക്കുന്നു. |
| ഞായറാഴ്ച | : | രാവിലെ 9 മണിമുതൽ 12 മണിവരെ |
| മറ്റ് അവധി ദിവസം | : | രാവിലെ 9 മണിമുതൽ 1 മണിവരെ |

**ഞങ്ങളുടെ കടമ**

1. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പക്ഷിമൃഗാദികളുടെ ചികിത്സ ഏറ്റെടുക്കുക.
2. ഈ സ്ഥാപനത്തിന്റെ അധികാരപരിധിയിൽ വരുന്ന മൃഗസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക.
3. ജില്ലയിൽ പകർച്ചവ്യാധികൾക്കെതിരെ നിയന്ത്രണ നടപടികൾ കാര്യക്ഷമമായി നടപ്പിലാക്കുക.
4. സർക്കാർ നിബന്ധനകൾക്ക് വിധേയമായി കന്നുകാലികൾക്ക് രോഗപ്രതിരോധ കുത്തിവെപ്പുകൾ കാര്യക്ഷമമായി നടപ്പിലാക്കുക.
5. പശു, എരുമ എന്നിവയുടെ പ്രജനനത്തിനും വർഗ്ഗഗുണം മെച്ചപ്പെടുത്തുന്നതിനും സർക്കാർ നിർദ്ദേശാനുസൃതമായി കൃത്രിമ ബീജാദാന സൗകര്യം ലഭ്യമാക്കുക.
6. മൃഗങ്ങൾക്ക് ആവശ്യമായിവരുന്ന ശസ്ത്രക്രിയകൾ കാര്യക്ഷമമായി ചെയ്തു കൊടുക്കുക.
7. ഓരോ ഷിഫ്റ്റിലും ഡ്യൂട്ടിയിൽ ഉള്ള ഡോക്ടർമാരുടെ പേരുവിവരം പ്രദർശിപ്പിക്കുക.



39/168-2

8. ഈ സ്ഥാപനത്തോടനുബന്ധിച്ചുള്ള ക്ലിനിക്കൽ ലാബോറട്ടറി കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക. ജില്ലയിലെ മറ്റു മൃഗചികിത്സാ കേന്ദ്രങ്ങളിൽ നിന്നും കൊണ്ടുവരുന്ന സാംപിളുകൾ പരിശോധിച്ച് ഫലം നൽകുക.

9. ആവശ്യമായ സമയങ്ങളിലും പ്രദേശങ്ങളിലും ക്യാംപ് ഡിസ്പെൻസറികൾ സംഘടിപ്പിക്കുക.

10. കന്നുകാലികളെയും പക്ഷികളെയും ഇൻഷ്വർ ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കുക.

11. ഇൻഷ്വറൻസ് ആനുകൂല്യം കർഷകർക്ക് സമയബന്ധിതമായി ലഭിക്കുന്നതിന് സഹായിക്കുക.

12. ജന്തുജന്യ രോഗങ്ങളുടെ നിയന്ത്രണത്തിനായി മറ്റു സ്ഥാപനങ്ങളും സംഘടനകളുമായി സഹകരിച്ച് പ്രവർത്തിക്കുക.

13. മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ഏകോപിപ്പിക്കുക.

14. മൃഗസംരക്ഷണ മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സാങ്കേതിക സഹായം ലഭ്യമാക്കുക

15. ജന്തുദ്രോഹ നിയമങ്ങളെകുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക.

**ഈ സ്ഥാപനത്തിൽ നിലവിലുള്ള സേവനങ്ങളുടെ സർക്കാർ അംഗീകൃത നിരക്ക്**

| | |
|---|---|
| കൃത്രിമബീജാദാനം | 35 രൂപ |
| കൃത്രിമബീജാദാനം (പ്രീമിയം ബുൾ സെമൻ) | 50 രൂപ |
| ഓമനമൃഗങ്ങളുടെ ചികിത്സാഫീസ് | 5 രൂപ |

**പരാതി പരിഹാരം**

ഈ സ്ഥാപനത്തിൻെറ പ്രവർത്തനം സേവനം എന്നിവയെ സംബന്ധിച്ച പരാതികൾ ആദ്യം ചീഫ് വെറ്ററിനറി ഓഫീസർക്ക് നൽകേണ്ടതും അതിൻമേൽ പരിഹാരം ഉണ്ടായില്ലെങ്കിൽ ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് നൽകേണ്ടതുമാണ്.

**ഞങ്ങളുടെ മേൽവിലാസം:**

ചീഫ് വെറ്ററിനറി ഓഫീസർ,
ജില്ലാ വെറ്ററിനറി കേന്ദ്രം.

**സമീപത്തുള്ള മറ്റ് മൃഗസംരക്ഷണ സ്ഥാപനങ്ങൾ**

(സമീപത്തുള്ള മറ്റു മൃഗസംരക്ഷണ സ്ഥാപനങ്ങളുടെ പേരുവിവരവും അവിടേക്കുള്ള ദൂരവും.)

**ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ മേൽവിലാസം**

# പൗരാവകാശ രേഖ

## വെറ്ററിനറി പോളിക്ലിനിക്ക്

### ഞങ്ങളുടെ ദൗത്യം

1. ഈ സ്ഥാപനത്തിൻെറ അധികാരപരിധിയിലുള്ള പ്രദേശത്തെ പക്ഷിമൃഗാദികളുടെ ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക.
2. വെറ്ററിനറി സേവന രംഗത്ത് താലൂക്ക്തല റഫറൽ കേന്ദ്രമായി പ്രവർത്തിയ്ക്കുക.
3. വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ നടത്തുക.

### ജീവനക്കാർ:

| | | |
|---|---|---|
| 1. | സീനിയർ വെറ്ററിനറി സർജൻ | 1 |
| 2. | വെറ്ററിനറി സർജൻ | 1 |
| 3. | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ | 1 |
| 4. | എൽ ഡി ക്ലാർക്ക് | 1 |
| 5. | ലബോറട്ടറി ടെക്നീഷ്യൻ | 1 |
| 6. | അറ്റൻറർ | 2 |
| 7. | പാർട്ടൈം സ്വീപ്പർ | 1 |
| 8. | ഡ്രൈവർ | 1 |

### പ്രവർത്തനസമയം

| | |
|---|---|
| സാധാരണ ദിവസം | രാവിലെ 9 മണിമുതൽ 1 മണിവരെ<br>ഉച്ചക്ക് ശേഷം 2 മണിമുതൽ 4 മണിവരെ |
| ഞായറാഴ്ച | രാവിലെ 9 മണിമുതൽ 12 മണിവരെ |
| മറ്റ് അവധി ദിവസം | രാവിലെ 9 മണിമുതൽ 1 മണിവരെ |

### ഞങ്ങളുടെ കടമ

1. സർക്കാർ നിർദേശങ്ങൾക്കനുസൃതമായി പക്ഷിമൃഗാദികളുടെ ചികിത്സ ഏറ്റെടുക്കുക.
2. രോഗപ്രതിരോധ കുത്തിവയ്പുകൾ സർക്കാർ നിബന്ധനകൾക്കുവിധേയമായി പക്ഷിമൃഗാദികൾക്ക് കാര്യക്ഷമമായി നടപ്പിലാക്കുക.
3. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻെറ മൃഗസംരക്ഷണ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുക.
4. പശു, എരുമ എന്നിവയുടെ പ്രജനനത്തിനും വർഗ്ഗഗുണം മെച്ചപെടുത്തുന്നതിനും സർക്കാർ നിർദേശത്തിനനുസൃതമായി കൃത്രിമ ബീജാദാന സൗകര്യം ലഭ്യമാക്കുക.



39/168-3

5. ഈ സ്ഥാപനത്തിന്റെ അധികാരപരിധിയിൽ പകർചവ്യാധികൾക്കെതിരെ നിയന്ത്രണ നടപടികൾ കാര്യക്ഷമമായി നടപ്പിലാക്കുക.

6. കന്നുകാലികളെയും പക്ഷികളെയും ഇൻഷ്വർ ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കുക.

7. ഇൻഷ്വറൻസ് ആനുകൂല്യം കർഷകർക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിനു സഹായിക്കുക.

8. ജന്തുജന്യ രോഗങ്ങളുടെ നിയന്ത്രണത്തിനായി മറ്റ് സ്ഥാപനങ്ങളും സംഘടനകളുമായി സഹകരിച്ച് പ്രവർത്തിക്കുക.

9. കന്നുകാലികളിലെ വന്ധ്യതാ നിവാരണത്തിനായി വന്ധ്യതാ നിവാരണ ക്യാമ്പുകൾ, ഗോരക്ഷാ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുക.

10. ഈ സ്ഥാപനത്തോടനുബന്ധിച്ച് ക്ലിനിക്കൽ ലബോറട്ടറി കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക.

11. മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ താലൂക്ക് തലത്തിൽ ഏകോപിക്കുക.

12. സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സാങ്കേതിക സഹായം ലഭ്യമാക്കുക.

13. ജന്തു–ജന്യ രോഗങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിയ്ക്കുക.

**ഈ സ്ഥാപനത്തിലെ നിലവിലുള്ള സേവനങ്ങളുടെ നിരക്ക്**

| | |
|---|---|
| കൃത്രിമബീജാധാനം | 35 രൂപ |
| കൃത്രിമബീജാധാനം (പ്രീമിയം ബുൾ സെമൻ) | 50 രൂപ |
| ഓമനമൃഗങ്ങളുടെ ചികിത്സാഫീസ് | 5 രൂപ |

**പരാതിപരിഹാരം**

ഈ സ്ഥാപനത്തിന്റെ പ്രവർത്തനം, സേവനം എന്നിവയെ സംബന്ധിച്ച പരാതികൾ ആദ്യം സീനിയർ വെറ്ററിനറി സർജനും, അതിന്മേൽ പരിഹാരം ഉണ്ടായില്ലെങ്കിൽ ജില്ലാ മൃഗസംരക്ഷണ ആഫീസർക്കും പരാതി നൽകേണ്ടതാണ്.

**(ജില്ലാ ആഫീസറുടെ ആഫീസ് മേൽവിലാസം, ഫോൺ നമ്പർ)**

ഇവിടെയും പരിഹാരം ഉണ്ടായില്ലെങ്കിൽ വകുപ്പ് ഡയറക്ടർക്ക് പരാതി കൊടുക്കാവുന്നതാണ്.

**സമീപത്തുള്ള മറ്റ് മൃഗസംരക്ഷണ സ്ഥാപനങ്ങൾ**

സമീപത്തുള്ള മറ്റ് മൃഗസംരക്ഷണ സ്ഥാപനങ്ങളുടെ പേരുവിവരവും അവിടേയ്ക്കുള്ള ദൂരവും.

# പൗരാവകാശ രേഖ

## വെറ്ററിനറി ഹോസ്പിറ്റൽ/വെറ്ററിനറി ഡിസ്പെൻസറി

### അംഗങ്ങളുടെ ദൗത്യം

1. ഈ സ്ഥാപനത്തിൻെറ അധികാരപരിധിയിലുള്ള പ്രദേശത്തെ പക്ഷിമൃഗാദികളുടെ ആരോഗ്യ പ്രവർത്തനങ്ങൾ നടത്തുക.
2. വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
3. കന്നുകാലികൾക്കുള്ള പ്രജനന സൗകര്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുക.
4. മൃഗസംരക്ഷണ പ്രവർത്തനങ്ങൾ പഞ്ചായത്തുതലത്തിൽ ഏകോപിപ്പിക്കുക.

### ആശുപത്രി ജീവനക്കാർ

| | |
|---|---|
| 1. സീനിയർ വെറ്ററിനറി സർജൻ/വെറ്ററിനറി സർജൻ | 1 |
| 2. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ | 1 |
| 3. അറ്റൻറർ | 1 |
| 4. പാർട്ടൈം സ്വീപ്പർ | 1 |

### പ്രവർത്തനസമയം:

| | |
|---|---|
| സാധാരണ ദിവസം | രാവിലെ 9 മണിമുതൽ 1 മണിവരെ<br>ഉച്ചക്ക് ശേഷം 2 മണിമുതൽ 4 മണിവരെ |
| ഞായറാഴ്ച | രാവിലെ 9 മണിമുതൽ 12 മണിവരെ |
| മറ്റ് അവധി ദിവസം | രാവിലെ 9 മണിമുതൽ 1 മണിവരെ |

### അംഗങ്ങളുടെ കടമ

1. സർക്കാർ തരത്തിലുള്ള പക്ഷിമൃഗാദികളുടെ ചികിത്സ ഏറ്റെടുക്കുക.
2. പക്ഷിമൃഗാദികൾക്ക് രോഗപ്രതിരോധ കുത്തിവെപ്പുകൾ സർക്കാർ നിബന്ധനകൾക്കു വിധേയമായി കാര്യക്ഷമമായി നടപ്പിലാക്കുക.
3. പശു, എരുമ എന്നിവയുടെ പ്രജനനത്തിനും വർഗ്ഗഗുണം മെച്ചപ്പെടുത്തുന്നതിനും കൃത്രിമ ബീജാധാന സൗകര്യം ലഭ്യമാക്കുക.
4. ഈ സ്ഥാപനത്തിൻെറ അധികാരപരിധിയിൽ പകർച്ചവ്യാധികൾ പ്രത്യക്ഷപ്പെടുന്ന സമയത്ത് രോഗപ്രതിരോധ നടപടികൾ കാര്യക്ഷമമായി നടപ്പിലാക്കുക.
5. കന്നുകാലികളെയും പക്ഷികളെയും ഇൻഷ്വർ ചെയ്യുന്നതിനുള്ള സൗകര്യം കർഷകന് ലഭ്യമാക്കുക.

6. ഇൻഷ്വറൻസ് ആനുകൂല്യവുമായി ബന്ധപ്പെട്ട രേഖകൾ കർഷകന് സമയബന്ധിതമായി ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തുക.

7. ജന്തുജന്യ രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ മറ്റ് സ്ഥാപനങ്ങളുടെയും സംഘടനകളുടെയും സഹകരണത്തോടുകൂടി നടപ്പിലാക്കുക.

8. കന്നുകാലികളിലെ വന്ധ്യതാ നിവാരണത്തിനായി വന്ധ്യതാ നിവാരണ ക്യാമ്പുകൾ, ഗോരക്ഷാ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുക

9. മൃഗസംരക്ഷണ മേഖലയെ സംബന്ധിച്ച വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുക.

10. സ്വയംതൊഴിൽ രംഗത്ത് കർഷകർക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകുക.

11. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ മൃഗസംരക്ഷണ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുക.

## ഈ ആശുപത്രിയിൽ നിന്നും ലഭ്യമാക്കുന്ന സേവനങ്ങളുടെ നിരക്ക്

| | |
|---|---|
| കൃത്രിമ ബീജാധാനം | 35 രൂപ |
| ഓമനമൃഗങ്ങളുടെ ചികിത്സാ ഫീസ് | 5 രൂപ |

## പരാതിപരിഹാരം

മൃഗാശുപത്രിയുടെ പ്രവർത്തനം സേവനം എന്നിവയെ സംബന്ധിച്ച പരാതികൾ ആദ്യം ആശുപത്രിയിലെ ഡോക്ടർക്ക് നൽകുക. അതിൻമേൽ പരിഹാരം ഉണ്ടായില്ലെങ്കിൽ ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് പരാതികൊടുക്കാവുന്നതാണ്.

## സമീപത്തുള്ള മറ്റ് മൃഗസംരക്ഷണ സ്ഥാപനങ്ങൾ

(സമീപത്തുള്ള മറ്റ് മൃഗസംരക്ഷണ സ്ഥാപനങ്ങളുടെ പേര്‌വിവരവും അവിടേയ്ക്കുള്ള ദൂരവും)

# പൗരാവകാശ രേഖ

## ഊർജ്ജിത കന്നുകാലി വികസന പദ്ധതി – ഉപകേന്ദ്രം

### ഞങ്ങളുടെ ദൗത്യം

1. കൃത്രിമ ബീജസങ്കലന പരിപാടികൾ കാര്യക്ഷമമായി നടപ്പിലാക്കുക.
2. കന്നുകാലികൾക്ക് ആവശ്യമായ പ്രാഥമിക ശുശ്രൂഷകൾ നൽകുക.

### ഉപകേന്ദ്രത്തിലെ ജീവനക്കാർ

1. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ 1
2. താൽക്കാലിക ജീവനക്കാർ 1

### പ്രവർത്തനസമയം:

| | |
|---|---|
| സാധാരണദിവസം | രാവിലെ 9 മണിമുതൽ 1 മണിവരെ |
| | ഉച്ചക്ക് ശേഷം 2 മണിമുതൽ 4 മണിവരെ |
| അവധിദിവസം | രാവിലെ 9.30 മണിമുതൽ 12 മണിവരെ |

(എല്ലാ ദിവസവും രാവിലെ 8.30 മുതൽ 9 വരെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ കർഷക ഭവനങ്ങൾ സന്ദർശിച്ച് കന്നുകാലികളുടെ എണ്ണം, പാൽ ഉൽപാദനം, കന്നുകുട്ടി ജനനം തുടങ്ങിയ കണക്കുകൾ പരിശോധിക്കുന്നു.)

### ഞങ്ങളുടെ കടമ

1. പശുക്കൾക്കും എരുമകൾക്കും കൃത്രിമ ബീജാധാന സൗകര്യം ലഭ്യമാക്കുക.
2. ഈ കേന്ദ്രത്തിൽ ലഭ്യമായിട്ടുള്ള ബീജമാത്രകളുടെ വിശദാംശങ്ങൾ എഴുതി പ്രദർശിപ്പിക്കുക.
3. കൃത്രിമ ബീജസങ്കലനം നടത്തപ്പെട്ട ഉരുക്കളിൽ മൂന്ന് മാസത്തിനുശേഷം ഗർഭപരിശോധന നടത്തുക.
4. പ്രജനന പ്രശ്നങ്ങൾ കണ്ടെത്തപ്പെടുന്ന കന്നുകാലികളെ വിദഗ്ദ്ധചികിത്സക്കായി റഫർ ചെയ്യുക.
5. വകുപ്പിൽനിന്നും ലഭ്യമാകുന്ന മരുന്നുകൾ കർഷകർക്ക് വിതരണം ചെയ്യുക.



39/168-4

7. പുൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

8. പഞ്ചായത്തുതല മൃഗസംരക്ഷണ പദ്ധതികളുടെ നടത്തിപ്പിൽ വെറ്ററിനറി സർജനെ സഹായിക്കുക.

9. വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ നടത്തുക.

**സേവനങ്ങൾക്ക് ഈടാക്കുന്ന ഫീസ്**

| | |
|---|---|
| കൃത്രിമബീജാധാനം | 35 രൂപ |

**പരാതി പരിഹാരം**

ഈ ഉപകേന്ദ്രത്തിൻെറ പ്രവർത്തനം, ഇവിടെ നിന്നും ലഭിക്കുന്ന സേവനങ്ങൾ എന്നിവയെ സംബന്ധിച്ച പരാതികൾ ഊർജ്ജിത കന്നുകാലിവികസനപദ്ധതി അസിസ്റ്റൻറ് പ്രോജക്ട് ഓഫീസർക്ക് നൽകാവുന്നതാണ്.

## മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങൾ (കുടപ്പനക്കുന്ന്/ആലുവ/മുണ്ടയാട്)

### ഞങ്ങളുടെ ദൗത്യം

1. ഞങ്ങൾ നടപ്പിലാക്കുന്ന പരിശീലനപരിപാടിയിൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുക.
2. കർഷകർക്കും യുവതീയുവാക്കൾക്കും മൃഗസംരക്ഷണ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
3. മൃഗസംരക്ഷണ പ്രവർത്തകരുടെ സാങ്കേതികജ്ഞാനം മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കുക.

### അംഗങ്ങളുടെ കടമ

1. മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ, ദുർബ്ബല ജനവിഭാഗങ്ങൾ, വനിതകൾ, സ്വയംതൊഴിൽ സംരംഭകർ എന്നിവർക്കായി വിവിധ മൃഗസംരക്ഷണ വിഷയങ്ങളിൽ ശാസ്ത്രീയ പരിശീലനം നൽകുക.
2. താഴെ പറയുന്ന വിഷയങ്ങളിൽ ഈ കേന്ദ്രത്തിൽ പരിശീലനം നൽകി വരുന്നു.

| വിഷയം | പരിശീലനകാലം |
|---|---|
| പശുപരിപാലനം | 6 ദിവസം |
| മുട്ടക്കോഴി വളർത്തൽ | 4 ദിവസം |
| ഇറച്ചിക്കോഴി വളർത്തൽ | 4 ദിവസം |
| വീട്ടു പരിസരത്തെ കോഴിവളർത്തൽ | 2 ദിവസം |
| താറാവു വളർത്തൽ | 2 ദിവസം |
| ടർക്കി വളർത്തൽ | 1 ദിവസം |
| കാട വളർത്തൽ | 1 ദിവസം |
| ആട് വളർത്തൽ | 2 ദിവസം |
| പന്നി വളർത്തൽ | 2 ദിവസം |
| മുയൽ വളർത്തൽ | 1 ദിവസം |
| തീറ്റപ്പുൽ കൃഷി | 2 ദിവസം |

3. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ, അഭ്യസ്ഥവിദ്യരായ യുവതീയുവാക്കൾ, വിമുക്തഭടന്മാർ എന്നിവർക്കായി പ്രത്യേക പരിശീലന പരിപാടികൾ നടത്തുക.

4. ഒരു വർഷത്തെ പരിശീലനപരിപാടികളെ സംബന്ധിച്ച വിശദാംശങ്ങൾ വാർത്താ മാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തുക.

5. പരിശീലനങ്ങളിൽ പങ്കെടുക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് സർക്കാർ അനുവദിച്ചിട്ടുള്ള ആനുകൂല്യം ലഭ്യമാക്കുക.

6. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കുള്ള പരിശീലനം, വൊക്കേഷണൽ ഹയർസെക്കൻഡറി യോഗ്യതയുള്ളവർക്കുള്ള പരിശീലനം, നായപിടുത്തക്കാർ, അറവുശാലകളിലെ ജീവനക്കാർ തുടങ്ങിയവർക്കുള്ള പ്രത്യേകപരിശീലനങ്ങൾ വകുപ്പ്/സർക്കാർ നിർദ്ദേശിക്കുന്ന മുറയ്ക്ക് ഏർപ്പെടുത്തുക.

പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചോ ജീവനക്കാരുടെ പെരുമാറ്റത്തെ സംബന്ധിച്ചോ ഉണ്ടാവുന്ന പരാതികൾ പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ പരിശോധിക്കുന്നതും മൂന്നാഴ്ച്ചക്കുള്ളിൽ നടപടി പൂർത്തിയാക്കുന്നതുമാണ്. അല്ലാത്തപക്ഷം കാര്യകാരണ സഹിതം പരാതിക്കാരന് മറുപടി നൽകുന്നതാണ്.

**ഞങ്ങളുടെ മേൽവിലാസം**

**പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ,**

**മൃഗസംരക്ഷണ പരിശീലന കേന്ദ്രം**

**(കുടപ്പനക്കുന്ന്/ആലുവ/മുണ്ടയാട്)**

PRINTED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT PRESS, KOZHIKODE-2001